"ഭരണഭാഷാ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം- 14

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
**(നിലവിൽ: എൻ.പ്രശാന്ത്.ഐ.എ.എസ്)**

നമ്പർ എ3/6661/13 **തീയതി:** 18.11.2013

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. അസാധാരണ ഗസറ്റ് നം.1023 തീയതി, 7.4.2013.

2. വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലെ സീനിയർ സൂപ്രണ്ടുമാരിൽ നിന്നും ലഭിച്ച സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ.

കളമശ്ശേരി (വനിത) ഐ.ടി.ഐ യിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.ബാബു പീറ്റർ 31.10.2013-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരൊഴിവ് ഉണ്ടായിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് പരാമർശ പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ (6) ശ്രീ.റെജി.എസ്, ജൂനിയർ സൂപ്രണ്ടിനാണ് സ്ഥാനക്കയറ്റം നൽകേണ്ടത്. സ്ഥാന ക്കയറ്റം നൽകുന്നതിന് മുമ്പ് ഒഴിവിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ നൽകിയ ജീവനക്കാരെ പരിഗണിയ്ക്കേണ്ടതുണ്ട്. സ്ഥലംമാറ്റത്തിനായി അപേക്ഷ നൽകിയിട്ടുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് തസ്തിക | നിലവിൽ സേവനത്തിലുള്ള സ്ഥാപനം | സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിരിയ്ക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | ശ്രീ.ഗോപി.എ.എം, സീനിയർ സൂപ്രണ്ട് | ഐ.ടി.ഐ മലമ്പുഴ | ഐ.ടി.ഐ (വനിത) കളമശ്ശേരി |
| 2. | ശ്രീ. റഷീദ്.എ.കെ, സീനിയർ സൂപ്രണ്ട് | ഐ.ടി.ഐ. പള്ളിക്കത്തോട് | ഐ.ടി.ഐ (വനിത) കളമശ്ശേരി |

നിലവിലുള്ള സ്ഥലംമാറ്റചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ.ഗോപി.എ.എം, സീനിയർ സൂപ്രണ്ടിന് കളമശ്ശേരി (വനിത) ഐ.ടി.ഐയിലേയ്ക്ക് സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ സ്ഥലംമാറ്റം മൂലം മലമ്പുഴ ഐ.ടി.ഐ യിൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് പാറശ്ശാല (വനിത) ഐ.ടി.ഐ യിലെ **ജൂനിയർ** സൂപ്രണ്ടായ ശ്രീ.റെജി.എസ്-ന് KS&SSR ലെ പൊതുചട്ടം 28 (B) (iii) പ്രകാരം 18740-83680 രൂപാ ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ ജി.ഒ (പി) 85/11/ഫിൻ തീയതി, 26.2.2011 പ്രകാരമുള്ള ഓപ്ഷൻ നൽകേണ്ടതാണ്.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :- 1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
2. ബന്ധപ്പെട്ട സ്ഥാപനമേധാവിൾക്ക്
3. എസ്.എഫ് (എ3)

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്.

R/20/11/2013